പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 362 — 28.10.2019 -ൽ മറുപടിക്ക്

**റേഷൻ ഡീലർമാർക്ക് ലഭിക്കുന്ന സാമ്പത്തിക ആനുകൂല്യം**

| ചോദ്യം<br>**ഡോ.എൻ. ജയരാജ്** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) റേഷൻകടകൾ പ്രവർത്തിപ്പിക്കുന്നതിന് നൽകിവരുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ; | (എ) റേഷൻകടകൾ പ്രവർത്തിപ്പിക്കുന്നതിനായി റേഷൻ വ്യാപാരികൾക്ക് ഡിസംബർ 2018 മുതൽ വർദ്ധിപ്പിച്ച കമ്മീഷൻ പാക്കേജ് അനുസരിച്ച് അവരുടെ വിൽപ്പനയ്ക്ക് ആനുപാതികമായി കമ്മീഷൻ അനുവദിച്ച് നല്കുന്നുണ്ട്. കൂടാതെ മിനിമം കമ്മീഷൻ പാക്കേജിൽ ഉറപ്പ് വരുത്തിയിട്ടുമുണ്ട്. |
| (ബി) റേഷൻകടയിൽ ഒരു സഹായിയെ വയ്ക്കണമെന്ന് ചട്ടത്തിലെവിടെയെങ്കിലും നിഷ്കർശിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സഹായിക്കും കെട്ടിടത്തിന്റെ വാടകയും അടക്കം എത്ര രൂപയാണ് ഒരു റേഷൻ ഷോപ്പ് ഡീലർക്ക് നൽകുന്നത് ; | (ബി) ഇല്ല. കെട്ടിടത്തിന്റെ വാടക, സഹായിക്കുള്ള കൂലി എന്നിവ കൂടി പരിഗണിച്ചാണ് കമ്മീഷൻ പാക്കേജ് പ്രകാരം വ്യാപാരികൾക്ക് കമ്മീഷൻ കണക്കാക്കി അംഗീകരിച്ചിട്ടുള്ളത്. |
| (സി) കടയിൽ ഉത്പന്നങ്ങൾ വിപണനം ചെയ്യുമ്പോൾ റേഷൻകട ലൈസൻസിക്ക് നിലവിൽ കിട്ടുന്ന ശമ്പളത്തിന് പുറമെ ഔദ്യോഗികമായി കമ്മീഷൻ ലഭിക്കാറുണ്ടോ ; | (സി) റേഷൻ വ്യാപാരികൾക്ക് റേഷൻ സാധനങ്ങൾ വിതരണം നടത്തുമ്പോൾ വിൽപനയിലൂടെ കിലോയ്ക്ക് 2/- രൂപ നിരക്കിൽ എ.എ.വൈ വിഭാഗം ഒഴികെയുള്ള ഉപഭോക്താക്കളിൽ നിന്ന് കൈകാര്യ ചെലവിനത്തിൽ ലഭ്യമാകുന്ന തുക, അവരുടെ കമ്മീഷൻ കണക്കാക്കുമ്പോൾ കുറച്ചാണ് നല്കി വരുന്നത്. ടി തുക അവരുടെ ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് കൈമാറുന്നുണ്ട്. |
| (ഡി) റേഷൻകടയിലെ സഹായി, ഷോപ് ലൈസൻസി എന്നിവരുടെ വേതനം, കടയുടെ വാടക എന്നിവയെല്ലാം ചേർത്ത് ഇപ്പോൾ നൽകിവരുന്ന പ്രതിഫല തുക പര്യാപ്തമെന്ന് കരുതുന്നുണ്ടോ; ആയതു വർധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) 2018 മുതൽ വർദ്ധിപ്പിച്ച കമ്മീഷൻ പാക്കേജ് പ്രകാരമാണ് വ്യാപാരികൾക്ക് കമ്മീഷൻ നിലവിൽ നല്കി വരുന്നത്. നിലവിലെ നിരക്ക് വർദ്ധിപ്പിക്കാനുള്ള നിർദ്ദേശമൊന്നും ഇപ്പോൾ പരിഗണനയിലില്ല. മാത്രമല്ല രാജ്യത്ത് റേഷൻ വ്യാപാരികൾക്ക് ഏറ്റവും ഉയർന്ന നിരക്കിൽ കമ്മീഷൻ നല്കുന്നത് കേരളത്തിലാണ്. |

സെക്ഷൻ ഓഫീസർ